കല്ലട ജലസേചന പദ്ധതി

107 [312] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകും;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് ക്രമക്കേടുകൾ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ കോൺട്രാക്ടർ ആരാണ്;

(ഡി) പദ്ധതി പ്രദേശത്ത് സിമന്റ് സ്റ്റോക്ക് ചെയ്യണമെന്ന് കോൺട്രാക്ടിൽ വ്യവസ്ഥയുണ്ടോ;

(ഇ) പ്രസ്തുത വ്യവസ്ഥ കോൺട്രാക്ടർ പാലിക്കാത്തതിനെ സംബന്ധിച്ച് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ റിപ്പോർട്ടു ചെയ്യാതിരുന്നിട്ടുണ്ടോ;

(എഫ്) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) ഡാം നിർമ്മാണത്തിനുപയോഗിക്കുന്ന മണൽ കഴുകി അരിച്ച് ഉപയോഗിക്കണമെന്നു നിബന്ധന ഉണ്ടായിരുന്നുവോ;

(എച്ച്) ഈ നിബന്ധന പാലിക്കുന്നില്ല എന്നു ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ റിപ്പോർട്ടു ചെയ്തിരുന്നുവോ;

(ഐ) ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ കയ്യേറ്റത്തിനു വിധേയരായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 1987-88 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ചില ക്രമക്കേടുകൾ ഉള്ളതായി പത്രറിപ്പോർട്ടുകളും പരാതികളും ഉണ്ടായിരുന്നു. അവയെപ്പറ്റി അതാത് സമയത്ത് അന്വേഷിച്ചു നടപടി എടുത്തിട്ടുണ്ട്.

(സി) ഒട്ടു വളരെ കോൺട്രാക്ടർമാർ ഈ പദ്ധതിയിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ടി വ്യവസ്ഥ പൂർണ്ണമായി പാലിക്കപ്പെട്ടിട്ടുണ്ട്.

(എഫ്) നടപടി ആവശ്യമില്ലായിരുന്നു.

(ജി) ഉണ്ടായിരുന്നു.

(എച്ച്) റിപ്പോർട്ടു ചെയ്തിരുന്നു.

(ഐ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly